"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

**E13-12340/17/CE/LSGD** **Dated 03.11.2017**

# സർക്കുലർ

വിഷയം:- തസ്വഭവ - ഗുണഭോക്തൃസമിതി വഴിയുള്ള പ്രവൃത്തികൾ-അപാകത സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിലെ വിവിധ കാര്യാലയങ്ങളിൽ ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്നതിന് അംഗീകാരം നൽകുന്ന പ്രവൃത്തികൾ പലതും, പ്രവൃത്തി നടത്തുന്നതിലെ പരിചയക്കുറവിനാലും ആവശ്യമായ പണി ആയുധങ്ങൾ സ്വന്തമായി ഇല്ലാത്തതിനാലും ബിനാമിയായിട്ടാണ് ചെയ്യുന്നതെന്ന് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തി അനുവദിക്കുന്നതും നടപ്പാക്കുന്നതും ബില്ല് മാറിക്കൊടുക്കുന്നതും ഫയൽ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർ തന്നെയാണ്. ആയതുകൊണ്ട് ടി പ്രവൃത്തികൾ ബിനാമിയായിട്ടാണ് നടത്തുന്നതെന്ന് രേഖാമൂലം തെളിയിക്കാൻ കഴിയുകയില്ലാത്തതാണ്. ആയതിനാൽ ഗുണഭോക്തൃസമിതി വഴിയുള്ള പ്രവൃത്തികൾ, ഗുണഭോക്തൃസമിതി തന്നെയാണ് നടത്തുന്നതെന്ന് കരാറുവയ്ക്കുന്ന തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

ഉള്ളടക്കം: വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ റിപ്പോർട്ട്

പകർപ്പ്: 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ (ദക്ഷിണമേഖല/ഉത്തരമേഖല/എല്ലാ കോർപ്പറേഷനുകൾ)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ (എല്ലാ ജില്ലാപഞ്ചായത്തും)

S1843

1

'Corruption, a Crime against Nation'

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം - 695 033,
ഇ-മെയിൽ - vig.vacb@kerala.gov.in
ഫോൺ നമ്പർ - 0471 – 2305393,

നമ്പർ.ഇ7(എസ്.സി..04/2015/ഇ.കെ.എം.) 1711/2015.തീയതി ..16..11..2015.

ഡയറക്ടർ,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് വകുപ്പ്,
കേരള സർക്കാർ, തിരുവനന്തപുരം.

13631
13 NOV 2015

സർ,

വിഷയം - എടത്തല ഗ്രാമപഞ്ചായത്തിലെ വിവിധ റോഡ് നിർമ്മാണങ്ങളിൽ നടക്കുന്ന ക്രമക്കേടുകൾ – മിന്നൽ പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച് -

സൂചന - 12..05..1992 – ലെ ജി.ഒ.(പി) 65/1992/വിജി. നമ്പർ സർക്കാർ ഉത്തരവ്.

***** *****

മേൽ വിഷയം സംബന്ധിച്ച് ശ്രീ.വി.കെ.തങ്കപ്പൻ, വെണ്ണിക്കുളം വീട്, എരുമത്തല, ആലുവ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഈ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് ഓഫീസിലെ ഉദ്യോഗസ്ഥർ എടത്തല ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു മിന്നൽ പരിശോധന നടത്തി. മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് മുഖാന്തിരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

2. ആരോപണത്തിന്റെ സംക്ഷിപ്ത രൂപം, മിന്നൽ പരിശോധനയിൽ വെളിവായ വിവരങ്ങൾ, കണ്ടെത്തിയ ക്രമക്കേടുകൾ എന്നിവ മിന്നൽ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

3. മിന്നൽ പരിശോധന ഉദ്യോഗസ്ഥന്റെ ശുപാർശകൾ താഴെ പറയുന്നു.

(1) ഗുണഭോക്തൃ സമിതി വഴിയുള്ള ജോലികൾ, ഗുണഭോക്തൃ സമിതി തന്നെയാണ് നടത്തുന്നത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന്

(.....2/-)

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് വകുപ്പ് മേധാവി കർശന നിർദ്ദേശം നൽകേണ്ടതാണ്.

(2) സംസ്ഥാനമൊട്ടാകെ ഗുണഭോക്തൃ സമിതി വഴിയുള്ള ജോലികൾ ഗുണഭോക്തൃ സമിതി തന്നെയാണ് നടത്തുന്നത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം കൊടുക്കേണ്ടതാണ്.

4. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടും പ്രസ്തുത ശുപാർശയോട് യോജിച്ചിരിക്കുന്നു.

5. മിന്നൽ പരിശോധനാ റിപ്പോർട്ട്, ബന്ധപ്പെട്ട രേഖകൾ, എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടിന്റെ ഫോർവേർഡിംഗ് എൻഡോഴ്സ്മെന്റ് എന്നിവ ഞാൻ സൂക്ഷ്മ പരിശോധന നടത്തി. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളോടും ശുപാർശകളോടും ഞാൻ യോജിക്കുന്നു.

6. മിന്നൽ പരിശോധന റിപ്പോർട്ട്, ബന്ധപ്പെട്ട രേഖകൾ, എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടിന്റെ ഫോർവേർഡിംഗ് എൻഡോഴ്സ്മെന്റ് എന്നിവയുടെ രണ്ടു പകർപ്പുകൾ വീതം ഇതോടൊപ്പം അയയ്ക്കുന്നു. കൈപ്പറ്റിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ,

പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)
ഡയറക്ടർക്കു വേണ്ടി.

ഡി.ആർ/എക്സ് – 1563/30.10

3

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ,
എറണാകുളം, കലൂർ, കൊച്ചി-17
തീയ്യതി:03.02.2015.

No.SC 04/2015/EKM.

## മിന്നൽ പരിശോധന റിപ്പോർട്ട്

വിഷയം - എടത്തല ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡ് നിർമ്മാണങ്ങളിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന - No.T2/1711/2015 Date. 17.01.2015 (SC-04/2015/EKM).

**ആമുഖം**

എടത്തല ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡ് നിർമ്മാണങ്ങളിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ബഹു: ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം അവർകളുടെ No.T2/1711/2015 Date 17.01.2015 ആയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു: മദ്ധ്യമേഖല സൂപ്രണ്ട് ഓഫ് പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ് നമ്പർ SC-04/2015/Ekm ആയി പരിശോധന നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷന് ബ്യൂറോ എറണാകുളം യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.എം.എൻ.രമേഷ് അവർകൾ പോലീസ് ഇൻസ്പെക്ടർ വൈ.നിസാമുദ്ദീനായ എന്നെ ചുമതലപ്പെടുത്തിയതനുസരിച്ച് എന്റെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് എറണാകുളം ഓഫീസിലെ സീനിയർ സൂപ്രണ്ടന്റ് ശ്രീമതി. ടിമ്പിൾ മാഗി.പി.എസ്. 23-01-2015 തിയ്യതി എടത്തല ഗ്രാമ പഞ്ചായത്തിലും എറണാകുളം ജില്ലാ പഞ്ചായത്തിലും എത്തി മിന്നൽ പരിശോധന നടത്തിയതിലേക്ക് സമർപ്പിക്കുന്ന റിപ്പോർട്ട്

**ആരോപണത്തിന്റെ സംക്ഷിപ്ത രൂപം**

എടത്തല ഗ്രാമ പഞ്ചായത്തിലെ ചൂർണിക്കര ഡിവിഷനിനിൽ എറണാകുലം ജില്ലാ പഞ്ചായത്ത് അനുവദിക്കുന്ന ഭൂരിഭാഗം പണികളും നടത്തുന്നത് ശ്രീ.പി.എം.റഫീക്ക്, ശ്രീ.പി.എം. നാദിർഷാ എന്നീ സഹോദരൻമാരുടെ പേരിലുള്ള കൺവീനർ വർക്കുകളാണെന്നും, 50 ലക്ഷം രൂപയുടെ ജോലി 15 ലക്ഷത്തിന് താഴെ നിർത്തി മുറിച്ച് കൊടുക്കുന്നതു വഴി ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി അഴിമതി നടത്തുന്നു എന്നുള്ളതാണ് പരാതി കാര്യം.

**മിന്നൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥനും തീയ്യതിയും.**

ശ്രീമതി. ടിമ്പിൾ മാഗി.പി.എസ്. സീനിയർ സൂപ്രണ്ടന്റ്, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് ഓഫീസ്,എറണാകുളം 23-01-2015 തിയ്യതി.

ഇൻവെന്ററിയുടെ പ്രസക്ത ഭാഗം.

മേൽ പറഞ്ഞിരിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഒരു മിന്നൽ പരിശോധന നടത്തണമെന്ന ബഹു:ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരത്തിന്റെ ഉത്തരവിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റ് ഇൻസ്പെക്ടർ-2 എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ മിന്നൽ പരിശോധന നടത്തുന്നതിനായി 23-01-2015 തിയ്യതി എടത്തല ഗ്രാമ പഞ്ചായത്ത് ഓഫീസിൽ എത്തിയ സമയം ഓഡിറ്റ് ഡ്യൂട്ടി ചെയ്തു കൊണ്ടിരുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി. പി.എസ്. ടിമ്പിൾ മാഗിയോട് മിന്നൽ പരിശോധന നടത്തേണ്ട വിധത്തെയും സ്വഭാവത്തെയും ആവശ്യകതയെയും സംബന്ധിച്ച് പറഞ്ഞു മനസ്സിലാക്കിയശേഷം ഓഡിറ്റ് ഡ്യൂട്ടി നിറുത്തി വച്ച് എന്റെ സാന്നിധ്യത്തിൽ മിന്നൽ പരിശോധന നടത്തിയിട്ടുള്ളതാണ്.പഞ്ചായത്ത് ഓഫീസിൽ ഹാജരുണ്ടായിരുന്ന സെക്രട്ടറി ശ്രീ.ടി.അബ്ദുൾ ഹക്കീമിനോട് പരിശോധനാ വിവരം പറഞ്ഞ് ചൂർണിക്കര ഡിവിഷനിൽപ്പെട്ട വിവിധ വർക്കുകളുടെ ഫയലുകള് ഹാജരാക്കി തരുവാൻ ആവശ്യപ്പെട്ടതിൻ പ്രകാരം ഹാജരാക്കി തന്നത് പരിശോധിക്കുകയുണ്ടായി. ഫയൽ ഹാജരാക്കി തന്നത് LSGD അസിസ്റ്റന്റ് എൻജിനിയർ ശ്രീ.കെ.കെ.സ്റ്റീഫൻ ആയിരുന്നു. ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ജോലികളിൽ പഞ്ചായത്തിലെ എൻജിനിയർമാർ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും സൂപ്പർവിഷനും ബില്ല് തയ്യാറാക്കലുമാണ് പ്രധാനമായും നടത്തുന്നത്.പദ്ധതി നിർവ്വഹണം നടത്തുന്നത് ജില്ലാ പഞ്ചായത്താണ്.

പരാതിയിൽ പറയുന്ന കുഞ്ചാട്ടുകര – കൊച്ചുകുഴി PVIP (പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്) റോഡ് ടാർ ചെയ്യുന്നതിനായുള്ള പദ്ധതിയെക്കുറിച്ച് ശ്രീ.കെ.കെ.സ്റ്റീഫനോട് ചോദിച്ചതിൽ കുഞ്ചാട്ടുകര തേവക്കൽ റോഡിന്റെ മെയിന്റനൻസ് പദ്ധതിക്കായി 50 ലക്ഷം രൂപ അടങ്കൽ തുകക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് കനാലിന്റെ അരികിലൂടെയുള്ള റോഡ് ആയതിനാൽ പണിക്ക് അനുമതി ടി ഓഫീസിൽ നിന്നും കിട്ടാത്തതിനാൽ മറ്റ് നടപടികളൊന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സ്വീകരിച്ചിട്ടില്ലാത്തതാണെന്നും അസി.എൻജിനിയർ പറഞ്ഞിട്ടുള്ളതാണ്.പഞ്ചായത്ത് ഓഫീസിൽ ടി വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ പകർപ്പ് മാത്രമാണുള്ളത്.ഫയൽ ജില്ലാ പഞ്ചായത്തിലാണെന്നാണ് എൻജിനിയർ പറഞ്ഞിട്ടുള്ളത്.കുഞ്ചാട്ടുകരയിൽ നിന്നും കിഴക്കോട്ടുള്ള 35 ലക്ഷം രൂപയുടെ റോഡുപണിയെ സംബന്ധിച്ച് ചോദിച്ചതിൽ ഇതിനെപ്പറ്റി ടിയാന് അറിയില്ലായെന്നും ആയതിന്റെ ഫയൽ കണ്ടിട്ടില്ലാത്തതുമാണ്.പരാതിയിൽ പറയുന്ന ശ്രീ.പി.എം.റഫീക്ക്, ശ്രീ.പി.എം. നാദിർഷാ എന്നിവർ PWD ലൈസൻസുള്ള അംഗീകൃത കോൺട്രാക്ടേഴ്സാണെന്നും ഇവർക്ക് ഗുണഭോക്തൃ സമിതി കൺവീനർ ആകാൻ സാധിക്കില്ലെന്നുമാണ് അസി.എൻജിനിയർ പറഞ്ഞിട്ടുള്ളത്.

തുടർന്ന് കുഞ്ചാട്ടുകര ജംങ്ഷനിൽ നിന്നും പടിഞ്ഞാറേക്ക് തേവക്കൽ ഭാഗത്തേക്കുള്ള റോഡുപണി പരിശോധിച്ചതിൽ ഏതാണ്ട് 12 വർഷം പഴക്കമുള്ള ടാർ റോഡ് പൊട്ടിപ്പൊളിഞ്ഞ്

കിടക്കുന്നതായി സ്ഥലത്തുപോയി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. കഞ്ചാട്ടുകര ജംങ്ഷനിൽ നിന്നും കിഴക്കോട്ട് വാഴക്കുളം റോഡിലുള്ള ഏകദേശം 1200 മീറ്റർ ദൂരം റോഡിന്റെ പണിയും നടത്തിയിട്ടില്ലാത്തതായി ബോധ്യപ്പെട്ടു.തുടർന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് ഓഫീസിലെത്തി ഓഫീസിൽ ഹാജരുണ്ടായിരുന്ന അസി.എക്സി.എൻജിനിയർ ശ്രീ.എസ്.രാജേന്ദ്രനെ കണ്ട് പരാതിയിൽ പറയുന്ന ഫയലുകളും ചൂർണ്ണിക്കര ജില്ലാ പഞ്ചായത്ത് നടത്തിയ വർക്കുകളുടെ ഫയലുകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിൻ പ്രകാരം ഹാജരാക്കി തന്നത് പരിശോധിച്ചു.

ഫയൽ നമ്പർ എ 2-420/15 ആയതും പ്രോജക്ട് നമ്പർ- S0484/15 ആയതുമായ കഞ്ചാട്ടുകര തേവക്കൽ റോഡിന്റെ മെയിന്റനൻസ് വർക്കിന്റെ ഫയലാണ്.ടി റോഡിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് കനാലിന്റെ അരികിലൂടെയുള്ള റോഡായതിനാൽ അനുമതിക്കായി ടി ഓഫീസലെ എക്സി.എൻജിനിയർക്ക് 12-12-14 തിയ്യതിയിൽ കത്ത് കൊടുത്തിരുന്നു. ആയതിന് മറുപടി ലഭിച്ചിട്ടില്ല.മറ്റ് നടപടികൾ ഒന്നും നടത്തിയിട്ടില്ല. പ്രോജക്ടിൽ ടി വർക്ക് ടെൻഡർ ചെയ്യുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്. ഫയൽ നമ്പർ എ 2-419/15 ആയതും പ്രോജക്ട് നമ്പർ- S0477/15 ആയതുമായ ശാന്തിഗിരി ജാറം റോഡിന്റെ റീ ടാറിംങ്ങ് ബ്രിഡ്ജ് മെയിന്റനൻസ് വർക്കിന്റെ ഫയൽ പരിശോധിച്ചതിൽ 50 ലക്ഷം രൂപക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും PVIP കനാലിന്റെ അരികിലുള്ള റോഡായതിനാൽ റോഡ് പണിക്ക് അനുമതിക്കായി ടി ഓഫീസലെ എക്സി.എൻജിനിയർക്ക് 18-12-14 തിയ്യതിയിൽ കത്ത് കൊടുത്തിരുന്നു. ആയതിന് മറുപടി ലഭിച്ചിട്ടില്ല.മറ്റ് നടപടികള്. ഒന്നും നടത്തിയിട്ടില്ല. പ്രോജക്ടിൽ ടി വർക്ക് ടെൻഡർ ചെയ്യുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ചൂർണിക്കര ഡിവിഷനിൽ നടത്തിയ വിവിധ ജോലികളുടെ ഫയലുകളിൽ റാൻഡം ചെക്ക് ചെയ്തതിൽ A2-27 (B) /14 ആയ ഫയൽ ISRO പൊങ്ങാട്ടുശ്ശേരി റോഡിന്റെ വർക്കാണ്.ഇതിന്റെ അടങ്കൽ തുക 15 ലക്ഷം രൂപയാണ്.ഗുണഭോക്തൃ സമിതി വഴിയാണ് ടി വർക്ക് നടത്തിയിരുന്നത്. ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ.പി.എം.നാദിർഷായാണ് എഗ്രിമെന്റ് ഒപ്പ് വച്ചിരിക്കുന്നത്.എന്നാൽ ഗുണഭോക്തൃ സമിതി കൂടി കമ്മിറ്റിയെ തെരെഞ്ഞെടുത്തതിന്റെ മിനുട്സിന്റെ കോപ്പി ഫയലിൽ ഇല്ലാത്തതാണ്. വർക്ക് പൂർത്തികരിച്ച് ബില്ല് കൊടുത്തിട്ടുള്ളതാണ്.കഞ്ചാട്ടുകര – തേവക്കൽ റോഡിന്റെയും ശാന്തിഗിരി – ജാറം റോഡിന്റെയും വർക്കുകൾക്ക് എസ്റ്റിമേറ്റ് മാത്രമാണ് ആയിട്ടുള്ളത്. മറ്റ് നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ല.

2014 -15 സാമ്പത്തിക വർഷത്തിൽ ചൂർണ്ണിക്കര ഡിവിഷനിൽ 55 വർക്കുകളാണ് ബെനിഫിഷ്യറി കമ്മിറ്റി വഴി നടപ്പാക്കാൻ അംഗീകാരം ലഭിച്ചിരിക്കുന്നത്. ഗുണഭോക്തൃ സമിതി വഴിയുള്ള വർക്കുകളിൽ ബിനാമിയായിട്ട് ഭൂരിഭാഗവും ചെയ്തിരിക്കുന്നത് ശ്രീ.പി.എം.നാദിർഷയും ശ്രീ.പി.എം.റഫീക്കുമാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്.എന്നാൽ ഫയൽ പരിശാധച്ചതിൽ ഇത് കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതാണ്.

**കണ്ടെത്തിയ ക്രമക്കേടുകൾ.**

ചൂർണ്ണിക്കര ഡിവിഷനിൽ ഗുണഭോക്തൃ സമിതി വഴിയുള്ള വർക്കുകളിൽ ഭൂരിഭാഗവും ബിനാമിയായി നടത്തുന്നത് ശ്രീ.പി.എം.നാദിർഷയും ശ്രീ.പി.എം.റഫീക്കും ആണെന്ന് മിന്നൽ പരിശോധനയിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്, എന്നാൽ ഫയൽ പരിശോധനയിൽ ഇത് കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതാണ്.

**ഉത്തരവാദികളായ ഉദ്യോഗസ്ഥർ.**

അറിവായിട്ടില്ല.

**സ്വീകരിക്കാവുന്ന നടപടികൾ.**

1) ഗുണഭോക്തൃ സമിതി വഴിയുള്ള വർക്കുകൾ ഗുണഭോക്തൃ സമിതിതന്നെയാണ് വർക്കുകൾ നടത്തുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയർക്ക് വകുപ്പ് മേധാവി കർശന നിർദ്ദേശം നൽകേണ്ടതാണ്.

2) സംസ്ഥാനമൊട്ടാകെ ഗുണഭോക്തൃ സമിതി വഴിയുള്ള വർക്കുകൾ ഗുണഭോക്തൃ സമിതിതന്നെയാണ് വർക്കുകള് നടത്തുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് LSGD വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം കൊടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വൈക്കം സാമുദ്ദീൻ,
പോലീസ് ഇൻസ്പെക്ടർ.

ഉള്ളടക്കം – 1) മിന്നൽ പരിശോധന റിപ്പോർട്ട് (1+3 കോപ്പി.)
2) ഒറിജിനൽ റഫറൻസ്
3) ജോയിന്റ് ഇൻവെന്ററി.